ജി(2) 5858/2021

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി **06/10/2021**

## സർക്കുലർ നമ്പർ 43/2021

വിഷയം സഹകരണ വകുപ്പ്- കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ - മത്സ്യത്തൊഴിലാളികൾ 01.01.2008 മുതൽ 31.12.2008 വരെ സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നും എടുത്ത വായ്പകൾക്ക് പരമാവധി അനുവദിയ്ക്കാവുന്ന കടാശ്വാസം - സംബന്ധിച്ച്

സൂചന
1) 06.12.2010 ലെ സ.ഉ(പി) 91/2010/മ.ത്സ്യ.വ നമ്പർ സർക്കാർ ഉത്തരവ്
2) സഹകരണ സംഘം രജിസ്ട്രാറുടെ 1/2011, 12/2011, 88/2011, 31/2012, 20/2016, 32/19 നമ്പർ സർക്കുലർ നിർദ്ദേശങ്ങൾ
3) 27.12.2018 ലെ നമ്പർ 21677/ലെഗ്.ഐ 1/2018/നിയമം.
4) 05.08.2021 ലെ സ.ഉ.(സാധാ) 379/2021/മ.ത്സ്യ.വ നമ്പർ സർക്കാർ ഉത്തരവ്

സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും മത്സ്യത്തൊഴിലാളികൾ എടുത്തിരുന്ന കടങ്ങൾക്ക് കടാശ്വാസം അനുവദിച്ച് സൂചന(1) പ്രകാരം സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ടി ഉത്തരവിലെ നിബന്ധനകൾക്ക് അനുസൃതമായി പദ്ധതി സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നടപ്പാക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന(2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതും ആയത് പ്രകാരം കടാശ്വാസം അനുവദിച്ചു വരുന്നതുമാണ്.

വായ്പ എടുത്തിരിയ്ക്കുന്ന മിക്ക മത്സ്യത്തൊഴിലാളികളും മുതിർന്ന പൗരന്മാരും വിധവകളും 3 സെന്റിൽ താഴെ മാത്രം ഭൂമി കൈവശമുള്ളവരുമാണെന്നും മിക്കവാറും വായ്പകൾ ഇതിനകം ദയനീയമായി കാലഹരണപ്പെട്ടിട്ടുള്ളതും നിയമപരമായി ടി വായ്പ സംഖ്യയോ പലിശയോ സഹകരണ സംഘങ്ങൾക്ക് ഈടാക്കാൻ സാധ്യമല്ലാത്തതാണെന്നും പല വായ്പകളിലും ഷെഡ്യൂൾഡ് ബാങ്കുകൾ, നാഷണലൈസ്ഡ് ബാങ്കുകൾ ഈടാക്കുന്ന പലിശയേക്കാൾ കൂടുതൽ പലിശയും തത്വദീക്ഷയില്ലാതെ പിഴപലിശയും കണക്കിൽ രേഖപ്പെടുത്തിക്കാണുന്നതായും കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ റിപ്പോർട്ട് നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 2008 ൽ

എടുത്തിട്ടുള്ള വായ്പകളെ കൂടി ഉൾപ്പെടുത്തി കടാശ്വാസ കമ്മീഷൻ ആക്ട് സൂചന(3) പ്രകാരം ഭേദഗതി ചെയ്ത സാഹചര്യത്തിൽ 01.01.2008 മുതൽ 31.12.2008 വരെ എടുത്തിട്ടുള്ള വായ്പകൾക്ക് മുതലിനത്തിൽ പരമാവധി 1,00,000/-രൂപയും പലിശ കണക്കാക്കുന്ന തീയതി 31.03.2018 ഉം ആയി നിജപ്പെടുത്തി ഉത്തരവാകണമെന്ന് കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്തത് പരിഗണിച്ച് അപ്രകാരം ഉത്തരവായിക്കൊണ്ട് സൂചന(4) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു..

സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും മത്സ്യത്തൊഴിലാളികൾ 01.01.2008 മുതൽ 31.12.2008 വരെ എടുത്ത വായ്പകൾക്ക് മുതലിനത്തിൽ പരമാവധി അനുവദിക്കാവുന്ന തുക 1.00,000/- രൂപ (ഒരു ലക്ഷം രൂപ) യും പലിശ കണക്കാക്കുന്നതിനുള്ള തീയതി 31.03.2018 എന്നും നിശ്ചയിക്കുന്നു.

മേൽ സർക്കുലർ ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർ/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മാർ, അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർ/അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)മാർ എന്നിവർ എല്ലാ സഹകരണ സംഘങ്ങളുടേയും/ബാങ്കുകളുടേയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

ഒപ്പ്
പി.ബി. നൂഹ്. ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ് :-

1) എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും
2) ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, കേരള സംസ്ഥാന സഹകരണ ബാങ്ക്
3) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
4) സെക്രട്ടറി, കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ
5) ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്
6) ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
7) മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർക്കും, ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ മാർക്കും

8) അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ & ആഡിറ്റ്) മാർക്ക് (ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മുഖേന)
9) സെക്രട്ടറി, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ
10) ഡെപ്യൂട്ടി ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ
11) അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ഓഫീസർ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
12) സ്റ്റോക്ക് ഫയൽ/ സ്പെയർ
13) വെബ് സൈറ്റ്

//അംഗീകാരത്തോടെ//

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)